समुद्री उत्पाद निर्यात विकास प्राधिकरण
(वाणिज्य एवं उद्योग मंत्रालय, भारत सरकार)
एम पी ई डी ए भवन, पनंपिल्ली एवन्यू
डाक पेटी सं. 4272, कौच्ची-682036, भारत

**The Marine Products Export Development Authority**

(Ministry of Commerce & Industry, Govt. of India)
MPEDA House, Panampilly Avenue
P.B. No. 4272, Kochi-682 036, India

फोन Phone : 2311979, 2311901, 2311854, 2311803, 2313415, 2314468, 2315065
फैक्स Fax : 91-484-2313361
E-mail : ho@mpeda.gov.in
Website : www.mpeda.com

പത്രക്കുറിപ്പ് 25.08.2021

# അമ്പതിന്റെ നിറവിൽ എംപിഇഡിഎ; ഒരു വർഷം നീണ്ടു നിൽക്കുന്ന സുവർണ ജൂബിലി ആഘോഷങ്ങൾ

കൊച്ചി: സമുദ്രോത്പന്ന കയറ്റുമതി വികസന അതോറിറ്റി (എംപിഇഡിഎ) അമ്പതാം വർഷത്തിലേക്ക് കടന്നു. ഇതിന്റെ ആഘോഷങ്ങളുടെ ഭാഗമായി ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടികളാണ് സംഘടിപ്പിക്കുന്നത്.

എംപിഇഡിഎയുടെ മുൻ ജീവനക്കാർ, കയറ്റുമതിക്കാർ, എല്ലാ മേഖലാ ഓഫീസുകൾ മുതലായവയിൽ നിന്നും നൂറുകണക്കിന പേരാണ് വെർച്ചലായി നടക്കുന്ന ഈ ആഘോഷ പരിപാടികളിൽ പങ്കെടുക്കുന്നത്. ആഗസ്റ്റ് 24 ന ആരംഭിച്ച ആഘോഷ പരിപാടികൾ എംപിഇഡിഎയുടെ സാമൂഹ്യ മാധ്യമ ഹാൻഡിലുകളിൽ തത്സമയം സംപ്രേക്ഷണം ചെയ്തു.

ഈ സ്ഥാപനത്തിനായി വിലപ്പെട്ട സംഭാവനകൾ നൽകി വിടപറഞ്ഞ മുൻകാല ജീവനക്കാരുടെ ഓർമ്മയിലാണ് പരിപാടികൾ ആരംഭിച്ചത്. എംപിഇഡിഎ സെക്രട്ടറിയും സ്റ്റാഫ് ക്ലബ് പ്രസിഡന്റുമായ കെ എസ് പ്രദീപ് സ്വാഗതം പറഞ്ഞു.

എംപിഇഡിഎ ചെയർമാൻ കെ എസ് ശ്രീനിവാസ് അധ്യക്ഷനായ ചടങ്ങിൽ കൊച്ചിയിലെ കമ്മീഷണർ ഓഫ് കസ്റ്റംസ് മുഹമ്മദ് യൂസഫ് ഭദ്രദീപം തെളിയിച്ച് ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു.

അമ്പത് വർഷത്തെ നേട്ടങ്ങളും അടുത്ത അമ്പത് വർഷത്തെ ഭാവി പരിപാടികളും ഉൾപ്പെടുത്തി കെ എസ് ശ്രീനിവാസ് അവതരണം നടത്തി. എംപിഇഡിഎയുടെ നിലവിലുള്ളതും വിരമിച്ചതുമായ ജീവനക്കാരുടെ അകമഴിഞ്ഞ പിന്തുണയും കഠിനാധ്വാനവുമാണ് സ്ഥാപനം കൈവരിച്ച നേട്ടങ്ങൾക്ക് പിന്നിലെന്ന് അദ്ദേഹം പറഞ്ഞു. രാജ്യത്തെ സമുദ്രോത്പന്ന കയറ്റുമതിയിലുണ്ടായ കുതിച്ചു ചാട്ടത്തിൽ കയറ്റുമതിക്കാർ നൽകിയ സംഭാവനകളും അദ്ദേഹം ചൂണ്ടിക്കാട്ടി.

എംപിഇഡിഎ ഡയറക്ടർ ഡോ. എം കാർത്തികേയൻ, വൈസ് ചെയർമാൻ ആദിത്യ ദാഷ്, ജോയിന്റ് ഡയറക്ടർ ഡോ. രാം മോഹൻ എം കെ, സീഫുഡ് എക്സപോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ ദേശീയ പ്രസിഡന്റ് ജഗദീഷ് വി ഫോഫാൻഡി, സെക്രട്ടറി ജനറൽ ഏലിയാസ് സേട്ട് എന്നിവർ ആശംസയർപ്പിച്ചു.

എംപിഇഡിഎയിൽ 25 വർഷം തികച്ച ജീവനക്കാരെ ചടങ്ങിൽ ആദരിച്ചു.

എംപിഇഡിഎ ജീവനക്കാരുടെ മക്കളിൽ പത്താംക്ലാസിലെയും പന്ത്രണ്ടാം ക്ലാസിലെയും കൂടുതൽ മാർക്കിന നൽകുന്ന രാജേശ്വരി മെമ്മോറിയൽ എൻഡോവ്മന്റ് അവാർഡ് ചടങ്ങിൽ വിതരണം ചെയ്തു. എംപിഇഡിഎ മുൻ ജീവനക്കാരിയായിരുന്ന എം രാജേശ്വരിയുടെ സ്മരണാർത്ഥമാണ് പുരസ്ക്കാരം ഏർപ്പെടുത്തിയത്.

കയറ്റുമതി സ്ഥിതിവിവരക്കണക്കുകളും വിശകലനങ്ങളും ഓട്ടോമേറ്റ് ചെയ്യുന്ന ഇ-സ്റ്റാറ്റ് പാക്കേജ് ചടങ്ങിൽ കമ്മീഷണർ ഓഫ് കസ്റ്റംസ് മുഹമ്മദ് യൂസഫ് പുറത്തിറക്കി. എംപിഇഡിഎ മാർക്കറ്റിംഗ് ജോയിന്റ് ഡയറക്ടർ അനിൽകുമാർ പി ഇതിനെക്കുറിച്ചുള്ള ഹ്രസ്വ വിശദീകരണം നടത്തി.

എംപിഇഡിഎ സ്റ്റാഫ് ക്ലബ് ജോയിന്റ് സെക്രട്ടറി നിഷാന്ത് കെ എൻ കൃതജ്ഞത അർപ്പിച്ചു.